

# ദർശന

## (സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)

## വാർഷിക റിപ്പോർട്ട്

**2024-2025**

# ദർശന
## (സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)

2017 ഡിസംബർ പത്താം തീയതി ദർശന ക്ലബ്ബ് രൂപീകരിച്ചു. തൃശ്ശൂർ ദേവമാത സ്കൂളിൽ വച്ച് സോളമൻ അച്ചനാൽ രൂപീകരിക്കുകയും 2024 ജനുവരി 19ന് ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം ദർശന ക്ലബ്ബ് രജിസ്ട്രേഷൻ ചെയ്യപ്പെടുകയും ചെയ്തു. ദർശന ക്ലബ്ബിൻറെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 2022 ജനുവരി 19ന് ദർശന സർവ്വീസ് സൊസൈറ്റി ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം തൃശ്ശൂർ സാഗർഭവൻ കേന്ദ്രീകൃതമായി രജിസ്ട്രേഷൻ നടത്തുകയും ചെയ്തു. ഇതിനായി സഹകരിച്ച സി.എം.ഐ, ദേവമാത, സെൻറ്.പോൾ പ്രവശ്യകളുടെ പ്രൊവിൻഷ്യൽമാരെയും കൗൺസിലേഴ്സിനെയും മറ്റു വൈദികരെയും മറ്റെല്ലാവരെയും നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

# ഭരണസമിതി അംഗങ്ങൾ

## ദർശന സർവീസ് സൊസൈറ്റിഭരണസമിതി അംഗങ്ങൾ 2024-2025

- പ്രസിഡൻറ് - റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ
- വൈസ് പ്രസിഡൻറ് - അഖിൽ കുമാർ
- സെക്രട്ടറി - ശ്രീമതി. മിനി ഔസേപ്പ്
- ജോയിൻറ് സെക്രട്ടറി - ശ്രീ. സെബു
- ട്രഷറർ - ശ്രീ. ജോസ്
- പി. ആർ. ഒ - പീയുസ് കോട്ടപ്പുറം
- മെമ്പേഴ്സ്- ശ്രീമതി. ബീന ഡേവിസ്, ഫാ.ആൻറണി ഫ്രാൻസിസ് സി.എം.ഐ

## ദർശന വാർഷികാഘോഷവും ഭിന്നശേഷിക്കാർക്കുള്ള അവർഡ് വിതരണവും ജന്മദിനാഘോഷവും :

ദർശന സർവ്വീസ് സൊസൈറ്റിയുടേയും, ദർശന ക്ലബ്ബിന്റേയും വാർഷികാഘോഷവും,വിവിധ മേഖലകളിൽ മികവു പുലർത്തിയ ഭിന്നശേഷിക്കാർക്കും, ഭിന്നശേഷിക്ഷേമ പ്രവർത്തനം നടത്തുന്നമികച്ച പൊതുപ്രവർത്തകർക്കും നൽകുന്ന അവാർഡ് വിതരണവുംദർശനയുടെ സ്ഥാപകനായ റവ.ഫാദർ സോളമൻ കടമ്പാട്ടു പറമ്പിൽ സിഎംഐ യുടെ നാമ ഹേതു തിരുന്നാളും, ജന്മദിനാഘോഷവും സംയുക്തമായി 2024 മാർച്ച് 16-ാം തിയതി രാവിലെ11:30 ന് തൃശൂർ മിഷൻ ക്വാർട്ടേഴ്സിനടുത്തുള്ള സാഗർഭവനിൽ വച്ച് നടന്നു. വിഭിന്ന മികവ് പ്രോഗ്രാമിലൂടെ ഭിന്നശേഷിക്കാരുടെ കലാ സർഗവാസനകൾക്ക് വേദിയൊരുക്കിയ കലാഭവൻ രാജേഷ്, കലാഭവൻ നവീൻ എന്നിവർ വാർഷികാഘോഷ ചടങ്ങിൽ പങ്കെടുത്തതും, ഭിന്നശേഷി കലാപ്രതിഭകളോടൊപ്പം ആടിയും പാടിയും, സദസ്സിനെ സന്തോഷത്തിൽ ആറാടിച്ചതും ശ്രദ്ധേയമായി.





ദർശന

(സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)



## ദേശീയ

## നീന്തൽ മത്സരം മധ്യപ്രദേശിൽ കേരളത്തിൽ നിന്ന് 12 പേർ :

മധ്യപ്രദേശിലെ ഗ്വാളിയാറിൽ 2024 മാർച്ച് 29, 30, 31 തിയതികളിലായി നടന്ന ഭിന്നശേഷിക്കാർ പങ്കെടുക്കുന്ന ദേശീയ നീന്തൽ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് 12 പേർ പങ്കെടുത്തു.







# ദർശന

(സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)

## ദർശനയുടെ നീന്തൽ താരങ്ങൾക്ക് ചരിത്ര വിജയം :

ഏറിയാട് കോസ്മോപൊളിറ്റൻ അകചാട്ടിക് ക്ലബ്ബ് നടത്തിയ നീന്തൽ മത്സരത്തിൽ ദർശന ക്ലബ്ബിനു നാല് മെഡലുകൾ ലഭിച്ചു.ദർശന ക്ലബ്ബിന്റെ കായിക താരങ്ങളായ ദിലീപ്, സുബൈർ എന്നിവർക്കാണ് ഈ നേട്ടം ലഭിച്ചത്.സമ്മാനധാന ചടങ്ങിൽ വച്ച് ദർശനയുടെ നിന്തൽ താരമായ മിൻഹാജിനു മധ്യപ്രദേശ് ഗ്വാളിയാറിൽ വച്ച് നടന്ന നാഷണൽ പാര സ്വിമ്മിങ് ചാമ്പ്യൻഷിപ്പ് മത്സരത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചതിന് സി.ഐ അനൂപ് സാർ അഴീക്കോട് പോലീസ് സ്റ്റേഷൻ പരേതനായ വാഹിദിന്റെ ഭാര്യ ഫാത്തിമ (കോസ്മോപൊളിറ്റൻ ഹാളിന്റെയും അകചാറ്റിക് സെന്ററിന്റെയും ഉടമ)എന്നിവരുടെകയ്യിൽ നിന്നും ആദരവ് ലഭിക്കുകയുണ്ടായി.





<u>ദർശനയുടെ സ്വിമ്മിങ് താരമായ സിനിക്ക് കേരളത്തിലെ ഭിന്നശേഷിക്കാരുടെ സ്പോർട്ട്സ് അസോസിയേഷന്റെ ആദരവ് :</u>

സ്പോർട്ട്സ് അസോസിയേഷൻ ഫോർ ഡിഫ്രന്റ്ലി ഏബിൾഡ് കേരളയുടെ വാർഷിക ജനറൽ ബോഡി യോഗം എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് നടക്കുകയുണ്ടായി. പ്രസ്തുത വേദിയിൽ വെച്ച് ദർശനയുടെ സ്വിമ്മിങ് താരവും മധ്യപ്രദേശിലെ ഗ്വാളിയോറിൽ നടന്ന ദേശീയ സ്വിമ്മിങ് ചാമ്പ്യൻഷിപ്പിൽ മൂന്നാംസ്ഥാനത്തിന് അർഹയുമായ കുമാരി സിനി കെ. സെബാസ്റ്റ്യന് ആദരവ് ലഭിച്ചു.






## ഭിന്നശേഷിക്കാരുടെ 6-◌ാ◌ം മത് ദർശന നീന്തൽ മത്സരം :

ദർശന സർവീസ് സൊസൈറ്റി നടത്തുന്ന ഭിന്നശേഷിക്കാരുടെ 6-◌ാ◌ം മത് ദർശന നീന്തൽ മത്സരം 2024 സെപ്റ്റംബർ 7 -◌ാ◌ം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ജാസ്നോ എഡ്യു സ്പോർട്ട് പുറനാട്ടുകര സ്വിമ്മിംഗ് പൂളിൽ വെച്ച് നടത്തി.പതിനഞ്ചോളം ഭിന്നശേഷിക്കാരാണ് മത്സരത്തിൽ പങ്കെടുത്തത്.വിജയികൾക്ക് മെഡലും സർട്ടിഫിക്കറ്റും നൽകുകയുണ്ടായി.







<u>ദർശനയുടെ താരങ്ങൾക്ക് സ്വർണ്ണ തിളക്കത്തോടെ തുടക്കം:</u>

എട്ടാമത് കേരള സ്റ്റേറ്റ് പാര സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ് തൃശ്ശൂർ അക്കോട്ടിക് സെൻററിൽ വച്ച് നടന്നു. ദർശനയുടെ നീന്തൽ താരങ്ങൾ വിവിധ ജില്ലകൾക്ക് വേണ്ടി മത്സരത്തിൽ പങ്കെടുത്തു. വാശിയേറിയ മത്സരത്തിനൊടുവിൽ ഓവറോൾ കിരീടം മലപ്പുറം ജില്ല നേടുകയുണ്ടായി. ദർശനയുടെ സ്വിമ്മിംഗ്താരങ്ങളുടെ മികച്ച

പ്രകടനമാണ് മലപ്പുറം ജില്ലയെ കിരീടം നേടുന്നതിൽ മുഖ്യ പങ്ക് വഹിച്ചത്.





## 24-മത് നാഷണൽ പാര സ്വിമ്മിംഗ് മത്സരം ഗോവയിൽ വെച്ചു നടന്നു :

മാനേജർ ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ . സി. എം. ഐ യുടെ നേതൃത്വത്തിൽ 21 പേരടങ്ങുന്ന സ്വിമ്മിംഗ് താരങ്ങൾ ഒക്ടോബർ 20,21,22 തീയതികളിൽ വിവിധ ഇനങ്ങളിൽ പങ്കെടുത്തു. കേരളത്തിന് 5സ്വർണവും 2 വെള്ളിയും 3 വെങ്കലവും ലഭിച്ചു.





## കേരള ബ്ലാസ്റ്റേഴ്സിന്റെ മത്സരത്തിൽ ദർശനയുടെ സാന്നിധ്യം :

കൊച്ചിൻ കലൂർ സ്റ്റേഡിയത്തിൽ വച്ച് നടന്ന കേരള ബ്ലാസ്റ്റേഴ്സും ഈസ്റ്റ് ബംഗാളും തമ്മിലുള്ള ഇന്ത്യൻ സൂപ്പർ ലീഗ് മത്സരം ദർശന സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദർശനയുടെ ബ്ലൈൻഡ് ഫുട്ബോൾ താരങ്ങൾക്ക് കാണുവാൻ അനുമതി ലഭിച്ചു.




## ദർശനയുടെ 150 ആമത് സ്നേഹസംഗമം അതിവിപുലമായി ആഘോഷിച്ചു :

ഏപ്രിൽ 27 ന് ശനിയാഴ്ച ഉച്ചയ്ക്ക് 1:30ന് ദർശനയുടെ സ്ഥാപകനായ റവ.ഫാദർ സോളമൻ കടമ്പാട്ടുപറമ്പിൽ സിഎംഐ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗ്വാളിയാർ രൂപത അധ്യക്ഷൻ ബിഷപ്പ്.മാർ ജോസഫ് തൈക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ദർശനയുടെ

അംഗങ്ങൾ വിവിധതരം കലാപരിപാടികൾ അവതരിപ്പിക്കുകയും ഈ സുദിനത്തെ മനോഹരമാക്കുകയും ചെയ്തു.




## ബ്ലൈൻഡ് ഫുട്ബോൾ പരിശീലനം :

ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ശ്രീ.ഗോപിനാഥ് മുതുകാട് സാറിന്റെ തിരുവനന്തപുരം മാജിക് പ്ലാനറ്റിൽ ഉള്ള ടർഫിൽ വെച്ച് കാഴ്ച പരിമിതരായ 20 ഓളം കുട്ടികൾക്ക് ബ്ലൈൻഡ് ഫുട്ബോൾ പരിശീലനം നൽകി.

 

<u>ദർശന ബാഡ്മിൻറൺ പൊക്കം കുറഞ്ഞവർക്ക്പരിശീലനം :</u>

മെയ് 16,17,18 തീയതികളിൽ ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സെന്റ് ജോസഫ് സ്കൂളിൽ വച്ച് സംഘടിപ്പിച്ച പൊക്കം കുറഞ്ഞവർക്ക് മൂന്ന് ദിവസത്തെ ബാഡ്മിന്റൺ പരിശീലനം നൽകി.



<u>പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് വിതരണം :</u>

പുതിയ അധ്യയന വർഷത്തിന്റെ ആരംഭത്തോടനുബന്ധിച്ച് നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റുകൾ ജൂൺ 2 ന് ദർശന സർവ്വീസ് സൊസൈറ്റിയുടെ തൃശൂരിലുള്ള ഓഫീസിൽ വെച്ച്

വിതരണം ചെയ്തു.ദർശന സർവീസ് സൊസൈറ്റി എന്നും പാവപ്പെട്ടവർക്കൊപ്പമുണ്ടാകുമെന്നും, അവർക്ക് താങ്ങും തണലുമായി നിലകൊള്ളുമെന്നും ഭിന്നശേഷിക്കാരേയും, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളേയും ചേർത്തുപിടിക്കുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യമെന്നും ദർശന സർവീസ് സൊസൈറ്റി പ്രസിഡന്റ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.





<u>ദർശന സർവീസ് സൊസൈറ്റിയും ജോയ് ആലുക്കാസും ഒന്നിച്ചപ്പോൾ ജിനി സ്റ്റീഫന്റെ ഭവനം പൂർണമായി:</u>

ദർശനാ വിൽചെയർ ബാസ്ക്കറ്റ് ബോൾ ടീം അംഗം ജിനി സ്റ്റീഫന്റെ ചിരകാല സ്വപ്നമായിരുന്നു സ്വന്തം ഭവന നിർമ്മാണത്തിന് തുടക്കമായി.ദർശന സർവീസ് സൊസൈറ്റി പ്രസിഡണ്ടും ദർശന ക്ലബ് ഡയറക്ടർ മായ റവ ഫാദർ സോളമൻ കടമ്പാട്ടുപറമ്പിൽ സി എം ഐ

ജൂൺ 26ന് പ്രാർത്ഥനയോടെ ഭവന നിർമ്മാണത്തിന്റെ ശില സ്ഥാപനം നടത്തി.





## <u>ഭവന വെഞ്ചിരിപ്പും താക്കോൽ ദാനവും :</u>

ജീവകാരുണ്യ പ്രവർത്തന രംഗത്ത് കൈത്താങ്ങായി, അനാഥരെ ചേർത്ത് പിടിക്കുന്ന സൽകർമ്മങ്ങളിൽ പ്രശസ്തരായ ജോയ് ആലൂക്കാസ് ഗ്രൂപ്പിന്റേയും, ഭിന്നശേഷിക്കാരുടേയും, അനാഥരുടേയും , ക്ഷേമപ്രവർത്തനങ്ങളിൽ സജീവ രംഗത്തുള്ള തൃശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ദർശന സർവീസ് സൊസൈറ്റിയുടേയും സഹായ സഹകരണത്തോടെ അങ്കമാലി സ്വദേശിയും, നിരാലാബയുമായ ജിനി സ്റ്റീഫന് വേണ്ടി നിർമാണം പൂർത്തീകരിച്ച സ്നേഹഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും, താക്കോൽ ദാനവും 2024 നവംബർ 28 വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 4:30 ന് കിടങ്ങൂർവെച്ച് നിർവഹിച്ചു. വിവിധങ്ങളായ സന്യാസ സമൂഹങ്ങളുടെ സഹകരണത്തോടെ ദർശന സ്വരൂപിച്ച സാമ്പത്തികമാണ് ഈ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചത്.





ദർശന (സർവ്വീസ് സൊസൈറ്റി/ക്ലബ്ബ്)

## കാഴ്ച പരിമിതരുടെ ക്രിക്കറ്റ് പരിശീലനം :

തൃശ്ശൂർ അയ്യന്തോളിലുള്ള കർഷകനഗർ മൈദാനത്തുവച്ച് കൗൺസിലർ മെഫി ടെൻസൺന്റെ സാനിധ്യത്തിൽ കാഴ്ചപ്പരിമിതർക്കുള്ള ക്രിക്കറ്റ് പരിശീലനം ആരംഭിച്ചു. നീണ്ട കാത്തിരിപ്പിനുശേഷം കാഴ്ച പരിമിതർ ദർശന സർവീസ് സൊസൈറ്റിയുടെ കീഴിൽ പരിശീലനം നെടുവാൻ എത്തുകയും, അതിനുള്ള എല്ലാ സൗകരര്യങ്ങളും ദർശന ഒരുക്കി കൊടുക്കുകയും ചെയ്യുന്നു. 10ഓളം കാഴ്ച പരിമിതർ ആണ് ക്രിക്കറ്റ് പരിശീലനത്തിനായി എത്തിയിരിക്കുന്നത്.






## ദർശന സർവീസ് സൊസൈറ്റി യുടെ ജീവന്റെ ഉറവ എന്ന പ്രോഗ്രാം ഹൃദ്യമായി :

സെൻമേരിസ് പോളിടെക്നിക് കോളേജ് പാലക്കാട് വടക്കുംഞ്ചേരി സ്നേഹദീപം എന്ന ചാരിറ്റി ക്ലബ്ബിന്റെ കീഴിൽ നടത്തിയ പ്രോഗ്രാമിൽ ജീവന്റെ ഉറവ എന്ന ഓർക്കസ്ട്രാ പ്രോഗ്രാം മാനേജ്മെന്റിനും വിദ്യാർഥികൾക്കും വേറിട്ട ഹൃദ്യമായ അനുഭവം ആയി മാറി. പത്തോളം ഭിന്നശേഷിക്കാരായ വ്യക്തികൾ നടത്തിയ ഓർക്കസ്ട്ര,കോമഡി,ഫ്ലൂട്ട്, സാക്സോഫോൺ എന്നിവയിലൂടെ വിദ്യാർത്ഥികളെ ഹരം കൊള്ളിച്ചു. ഭിന്നശേഷിക്കാരായ എല്ലാവർക്കും കോളേജിന്റെ നേതൃത്വത്തിൽ സമ്മാനം ലഭിക്കുകയുണ്ടായി.







## <u>ടി എം കെ ഗാന്ധി പീസ് പുരസ്കാരം റവ ഫാ സോളമൻ കടമ്പാട്ടുപറമ്പിൽ സി എം ഐ യെ തേടിയെത്തി :</u>

ഭിന്നശേഷിക്കാരെ സഹായിക്കുക അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുകയും ദർശന സർവ്വീസ് സൊ സൈറ്റിയെയും ദർശന ക്ലബ്ബിനെയും ചേർത്തുപിടിച്ചുകൊണ്ട് ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന അർഹതയ്ക്കുള്ള അംഗീകാരം എന്ന നിലയിൽ ടി എം കെ ഗാന്ധി പീസ് പുരസ്കാരം ദർശന സർവീസ് സൊസൈറ്റിയുടെ പ്രസിഡണ്ടിനെ തേടിയെത്തിയത്.






## ഭിന്നശേഷിക്കാരുടെ ഫ്ലൈറ്റ് യാത്ര നടത്തി :

നാളിതുവരെ വിമാന യാത്ര ചെയ്തിട്ടില്ലാത്ത ഭിന്നശേഷിക്കാരായ 28 സുഹൃത്തുക്കൾക്ക് യാത്രാ ക്രമീകരണങ്ങൾ ഒരുക്കി സഹായഹസ്തങ്ങളുമായി മുന്നോട്ടു വന്ന 12 സുമനസ്സുക്കളായ വ്യക്തികളും, ഉൾപ്പെടുന്ന 40 അംഗങ്ങളുള്ള ഗ്രൂപ്പ് നെടുമ്പാശ്ശേരിയിൽ നിന്നും ബാംഗ്ലൂരിലേക്ക് 2024 സെപ്തംബർ 26ന് രാവിലെ 9 മണിക്ക് ഫ്ലൈറ്റ് യാത്ര നടത്തി. ബാംഗ്ലൂരിൽ ഒരു ദിവസം താമസിച്ചതിനുശേഷം ബാംഗ്ലൂരിൽ നിന്ന് നെടുമ്പാശ്ശേരിയിലേക്ക് യാത്ര തിരിച്ചു. ഈ ഫ്ലൈറ്റ് സ്വപ്നയാത്രയ്ക്ക് ചിറകു നൽകുന്നതിന് മുന്നിട്ടു വന്നത് ജീവകാരുണ്യ പ്രവർത്തകനും, സാമൂഹിക പ്രവർത്തകനുമായ ബഹുമാനപ്പെട്ട 'മുൻ ജസ്റ്റിസ് കുര്യൻ ജോസഫ് അവർകളായിരുന്നു. യാത്രക്ക് വരുന്ന ടിക്കറ്റ് ചാർജ്ജ് ഒഴികെയുള്ള ചെലവുകൾ നിർവ്വഹിച്ചത് ജീവകാരുണ്യ പ്രവർത്തകനും പൊതു പ്രവർത്തകനുമായ ബോബി ചെമ്മണ്ണൂരാണ്.






## ദർശന സർവീസസ് സൊസൈറ്റി ഏകദിന വിനോദയാത്ര നടത്തി :

ദർശന സർവീസ് സൊസൈറ്റിയുടെ അവർ ലേഡി ഓഫ് സോറസ് ഗ്രൂപ്പ് പൂമല ഡാം, ചെപ്പാറ വിനോദയാത്ര സംഘടിപ്പിച്ചു. 20 പേരടങ്ങുന്ന യാത്ര സംഘത്തെ നയിച്ചത് ദർശന സർവീസ് സൊസൈറ്റിയുടെ പ്രസിഡണ്ട് ആയിരുന്നു.





## വൈറ്റ് കെയിൻ ദിനാചരണം നടത്തി :

തൃശ്ശൂർ തെക്കേഗോപുര നടയിൽ ദർശന ക്ലബ്ബും ലയൺസ് ക്ലബ്ബും ഒക്ടോബർ15ന് സംയുക്തമായി വൈറ്റ് കെയിൻ ദിനാചരണം നടത്തി. ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ശ്രീ :ജയിംസ് വളപ്പിലയുടെ അധ്യക്ഷതയിൽ പൊതുസമ്മേളനം ആരംഭിച്ചു. ഈ അവസരത്തിൽ മുഖ്യ അതിഥിയും ഉദ്ഘാടകനും ചേർന്ന് സോളമനച്ചന് പൊന്നാട അണിയിച്ച് ആദരിച്ചു. വൈറ്റ് കെയിൻ വിതരണം ലയൺ ശ്രീ. ടി.ജയകൃഷ്ണൻ കാഴ്ച പരിമിതർക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. രണ്ട് ക്ലബ്ബുകളുടെയും സഹകരണത്തോടെ ഏഴാമത് വൈറ്റ് കെയിൻ ദിനാചരണം വളരെ അഭിമാനത്തോടെ അതിലേറെ സന്തോഷത്തോടും നടത്താൻ കഴിഞ്ഞത് കാഴ്ചപരിമിതർക്ക് അഭിമാനിക്കാവുന്നതാണ്.






<u>കാഴ്ച പരിമിതരുടെ ദേശീയ വനിത ഫുട്ബോൾ ടൂർണ്ണമെൻറ് മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള ടീമിന് ദർശന സർവീസ് സൊസൈറ്റിയുടെ ആദരം :</u>

2024 നവംബർ 16-ാം തീയതി  ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് മൈതാനത്ത് വെച്ച് നടന്ന പാര അത് മീറ്റ് 2024 തൃശൂർ, എന്ന പ്രോഗ്രാമിന്റെ സമ്മാനദാന ചടങ്ങിൽ വെച്ച് ദേശീയ വനിത ഫുട്ബോൾ ടൂർണ്ണമെന്റിൽ 'മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കാഴ്ച പരിമിതരായ കേരള ഗേൾസ് ടീമിനെ ദർശന സർവീസ്  സൊസൈറ്റി ആദരിച്ചു. ഈ മികച്ച നേട്ടത്തിന് ഓരോ ടീമംഗങ്ങളെയും അവരുടെ പരിശീലകരെയും കുടുംബങ്ങളെയും പിന്തുണ നൽകിയവരേയും ദർശന കുടുംബാംഗങ്ങൾ അഭിനന്ദിച്ചു.



## പാരാ അത്‌ലറ്റ് മീറ്റ് 2024 :

സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫ്രണ്ടിലി എബിൾഡ് തൃശ്ശൂരിന്റെയും, ദർശന സർവീസ് സൊസൈറ്റിയുടേയും, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ സാമൂഹിക സംഘടന തവനിഷ്, BPE ഡിപ്പാർട്മെന്റ്, സ്റ്റുഡന്റസ് ലയൻസ് ക്ലബ് സംയുക്ത ആഭിമുഖ്യത്തിൽ 2024 നവംബർ 16-ാം തിയതി ക്രൈസ്റ്റ് കോളേജ് മൈതാനത്ത് വെച്ച് പാരാ അത്‌ലറ്റ് മീറ്റ് 2024 സംഘടിപ്പിച്ചു. ഭിന്നശേഷിക്കാരായ വ്യക്തികളെ കായിക മത്സരങ്ങളിലൂടെ കായിക കഴിവുകൾ ശാക്തീകരിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുവാൻ അവസരം ഒരുക്കുകയുമാണ് പാരാ അത്‌ലറ്റ് മീറ്റ് 2024 ലക്ഷ്യം ഇടുന്നത്. മത്സരങ്ങളായ നൂറു മീറ്റർ, 50 മീറ്റർ, ഓട്ട മത്സരങ്ങളും, വീൽചെയർ ,ക്രാച്ചെസ് ഓട്ടങ്ങളും ഷോട്ട്പുട്ട്, ജാവലിൻ ,ഡിസ്കസ്, ത്രോ എന്നീ ഇനങ്ങളും , ഹൈജമ്പ്, ലോങ് ജമ്പ് , ട്രിപ്പിൾ ജെമ്പ് മത്സരങ്ങൾ നടത്തപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ദർശന കുടുംബാംഗങ്ങളും തൃശ്ശൂർ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നുമായി,നൂറിൽ പരം ഭിന്നശേഷിക്കാർ മത്സരങ്ങളിൽ പങ്കെടുത്തു.





## ദർശന സർവീസ് സൊസൈറ്റി മൂന്നാമത് വീൽചെയർ വടംവലി മത്സരം നടത്തി :

സ്പോർട്ട്സ് അസോസിയേഷൻ ഫോർ ഡിഫ്രണ്ട്ലി ഏബിൾഡ് തൃശ്ശൂരിന്റെയും, ദർശന സർവീസ് സൊസൈറ്റിയുടേയും, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് തവനീഷ് സംഘടനയുടേയും സംയുക്ത ആഭിമുഖ്യത്തിൽ 2024 നവംബർ 16-ാം തിയതി ക്രൈസ്റ്റ് കോളേജ് മൈതാനത്തിൽ പാരാ അത്‌ലറ്റ് മീറ്റ് 2024 എന്ന പ്രോഗ്രാമിനോടൊപ്പം, സ്റ്റാർ വിഷന്റെ നേതൃത്വത്തിൽ വീൽചെയർ വടംവലി മത്സരവും സംഘടിപ്പിച്ചു. ദർശന സർവീസ് സൊസൈറ്റിയുടെ വീൽചെയർ ഉപ ഭോക്താക്കളായ 7 അംഗങ്ങൾ ഉള്ള രണ്ട് ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. കഴിഞ്ഞ വർഷങ്ങളിലേതു പോലെ തന്നെ, സ്റ്റാർ വിഷൻ സംഘടന ഈ വർഷവും മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമിനും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ടീമിനും ക്യാഷ് ട്രോഫിയും മെഡലും നൽകി .





## ഭിന്നശേഷിക്കാരുടെ രണ്ടാമത് പഞ്ചഗുസ്തി മത്സരം നടത്തി :

ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ വെച്ച് 2024 നവംബർ 16-ാം തീയതി ദർശന സർവീസ് സൊസൈറ്റിയുടെയും സ്പോർട്ട്സ് അസോസിയേഷൻ ഫോർ ഡിഫറെന്റിലി എബിൾഡ് തൃശ്ശൂരിന്റെയും ,ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ സാമൂഹിക സംഘടന തവനിഷ്, BPE ഡിപ്പാർട്ട്മെന്റ്, സ്റ്റുഡന്റസ് ലയൻസ് ക്ലബ് സംയുക്ത ആഭിമുഖ്യത്തിൽ രണ്ടാമത് പഞ്ചഗുസ്തി മത്സരം നടത്തി. ഭിന്നശേഷിക്കാരായ വ്യക്തികളെ മുഖ്യധാരാ സമൂഹത്തിലേക്ക് ശാക്തീകരിക്കാനും സമന്വയിപ്പിക്കാനും സ്പോർട്ട്സിന് കഴിഞ്ഞതായി സംഘാടകർ വിശദീകരിച്ചു.




<u>അഗാപ്പെ 2024 :</u>

ദർശന സർവീസസ് സൊസൈറ്റിയുടെ കീഴിലുള്ള അവർ ലേഡി ഓഫ് സോറോസ് ഗ്രൂപ്പിൻറെ നാലാമത്തെ വാർഷികം ചിറ്റിലപ്പിള്ളി ശാന്തിനികേതൻ ഓൾഡേജ് ഹോമിൽ വെച്ച് 8 /12 /24 ഞായറാഴ്ച അഗാപ്പെ 2024 നടന്നു. ശാന്തിനികേതൻ ഓൾഡേജ് ഹോമിൽ അന്തേവാസികളും, സിസ്റ്റേഴ്സ്, അവർ ലേഡി ഓഫ് സോറോസ് ഗ്രൂപ്പിലെ അമ്മമാരും, ദർശനയുടെ വിവിധ ഗ്രൂപ്പുകളിൽ നിന്ന് എത്തിയവരും ചേർന്ന് രാവിലെ 10 മണിക്ക് ഭക്തിനിർഭരമായ വിശുദ്ധ കുർബാന റവ. ഫാ സോളമൻ കടമ്പാട്ടുപറമ്പിൽ സി എം ഐ യുടെ കാർമ്മികത്വത്തിൽ നടന്നു. തുടർന്ന് നിർധനരായ 25 വ്യക്തികൾക്ക് ഗിഫ്റ്റും ക്യാഷ് പ്രൈസ് വിതരണ ഉദ്ഘാടനം ശ്രീമതി ജോളി ജോയ് ആലുക്കാസ് നിർവഹിച്ചു. തുടർന്ന് പഴയ ലീഡർമാർ സ്ഥാനമൊഴിയുകയും പുതിയ ലീഡർമാരെ തിരഞ്ഞെടുക്കുകയും സ്ഥാനാരോഹണം കിരീടം വച്ച് നടത്തുകയും ചെയ്തു. നാടൻ പാട്ട്, ഭക്തിഗാനം, അന്തേവാസികളുടെ ഗ്രൂപ്പ് ഡാൻസ് കണ്ണിനും കാതിനും കുളിർമയേകി. പ്രോഗ്രാമുകൾ അവതരിപ്പിച്ച എല്ലാ വ്യക്തികൾക്കും ഗിഫ്റ്റ് നൽകുകയും ചെയ്തു.






## <u>ബോധവൽക്കരണവും ക്രിസ്തുമസ് ആഘോഷവും നടത്തി :</u>

ദർശന സർവീസ് സൊസൈറ്റിയുടെ ക്രിസ്തുമസ് ആഘോഷം വളരെ വിപുലമായി ഓഫീസിൽ ദർശന സർവീസ് സൊസൈറ്റിയുടെ പ്രെസിഡണ്ടിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം കുട്ടികളോടൊപ്പം കേക്ക് മുറിച്ച് ആഘോഷിക്കാൻ പറ്റിയതിൽ സോളമച്ചൻ സന്തോഷം അറിയിച്ചു. ക്രിസ്തുമസ് ആഘോഷത്തിന് എത്തിച്ചേർന്ന കുട്ടികൾക്ക് കിറ്റും ക്യാഷ് പ്രൈസും നൽകി. മാതാപിതാക്കളും കുട്ടികളും എന്നാ വിഷയത്തിൽ ബോധവൽക്കരണ നടത്തി. ദർശനയുടെ വിവിധ ഗ്രൂപ്പുകളിൽ നിന്ന് എത്തിച്ചേർന്നവരും തദ അവസരത്തിൽ സന്നിഹിതരായിരുന്നു.






## ഏകദിന സെമിനാർ :

ദർശന അവർ ലേഡി ഓഫ് സോറോസ് ഗ്രൂപ്പിലെ അംഗങ്ങൾ ജോയ് ആലു ക്കാസിന്റെ ഭവന അങ്കണത്തിൽ 06/01/25 ഒരുമിച്ചുകൂടി. സെമിനാറിൽ എത്തിയവർക്ക് ദർശനയെ പറ്റിയും ക്ലബ്ബിൻറെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ കാലഘട്ടത്തിൽ ഇന്ന് നടത്തുന്ന സെമിനാറിനെ കുറിച്ചും അച്ഛൻ ബോധവൽക്കരിച്ചു. അതിനുശേഷം12മണിക്ക് കലാപരിപാടികൾ ആരംഭിച്ചു. ലഘുനാടകം, ഭക്തിഗാനം, ഡാൻസ്, സിനിമ പാട്ടുകൾ എന്നിവ ഗ്രൂപ്പ് അംഗങ്ങൾ അവതരിപ്പിച്ചു. ബൈബിൾ എഴുതിയ മറിയാമ്മ ജോസഫ്, ഓമന റാഫേൽ എന്നിവരെ അച്ഛൻ പ്രത്യേകം അഭിനന്ദിച്ചു.





## 14ാാം മത് കേരള സ്റ്റേറ്റ് പാരാ അത്ലറ്റിക് ചാമ്പ്യൻഷിപ്പ് 2024 - 25 ഓവറോൾ ചാമ്പ്യൻഷിപ്പ് തൃശ്ശൂരിന് :

ഓവറോൾ ചാമ്പ്യൻഷിപ്പ് വിതരണവും ജേതാക്കൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ വച്ച് ജനുവരി ഉച്ചയ്ക്ക് 2 :30ന് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ വെച്ച് വിതരണം ചെയ്തു.ഹൈക്കോടതി ജസ്റ്റിസ് ശ്രീ എൻ. നാഗരേഷ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജേതാക്കളായ ഭിന്നശേഷി സഹോദരങ്ങളെ ലയൺസ് ക്ലബ് ചാലക്കുടി ലയൺസ് പ്രസിഡണ്ട് ജോമി , സാജു പാത്താടാൻ മറ്റു മെമ്പർമാർ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഉജ്ജ്വല സ്വീകരണം നൽകി ആദരിച്ചു. സ്പോർട്സ് കൗൺസിൽ സെന്ററിൽ റോട്ടറി ക്ലബ്ബിന്റെ സഹകരണത്തോടെ കായികതാരങ്ങളെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.






## ഭിന്നശേഷിക്കാർക്ക് തൊഴിലധിഷ്ഠിത പരിശീലനം [പങ്ക് ] ആരംഭിച്ചു:

ദർശന സർവീസ് സൊസൈറ്റിയുടേയും, തൃശ്ശൂർ അതിരൂപത സാന്ത്വനം ട്രസ്റ്റിന്റേയും, ട്രെയിൻ ട്രസ്റ്റി ന്റേയും, സംയുക്ത ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി നടത്തുന്ന " പങ്ക്" എന്ന 45 ദിവസത്തെ തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. തൃശൂർ തൈക്കാട്ടുശ്ശേരിയിലുള്ള ക്വീൻ മേരി എന്ന സ്ഥാപനത്തിൽ 2025 ഫെബ്രുവരി 10 തിങ്കളാഴ്ച രാവിലെ 11:15 മണിക്ക് പങ്ക് എന്ന പരിപാടി തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ. ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. തൃശൂർ ജില്ല സാമൂഹ്യനീതി കാര്യാലയം ഓഫീസർ പ്രദീപ് കെ.ആർ. മുഖ്യാതിഥിയായി. ഭിന്നശേഷിക്കാർക്ക് ഈ പരിശീലനത്തിലൂടെ തൊഴിൽ നേടുവാനും അവരുടെ ചിറകുകൾക്ക് ശക്തി പകരുവാനും, ജീവിതം സുഗമമാക്കുവാനും കഴിയട്ടെ എന്ന് ചടങ്ങിൽ പങ്കെടുത്തവർ ആശംസിച്ചു.






ഭിന്നതകൾക്കതീതമായ മാനവികതയുടെ സർഗ്ഗോത്സവം:

ദർശന സർവീസ് സൊസൈറ്റിയുടെയും നവജ്യോതി കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വുമൺ കലാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 'ദർശന കലാമികവ് - 2025' ഭിന്നശേഷി കലോത്സവം ഫെബ്രുവരി 22 ശനിയാഴ്ച തൃശ്ശൂർ ഒളരിക്കര നവജ്യോതി കോളേജിൽ വെച്ച് നടത്തപ്പെട്ടു. സമാപന സമ്മേളനവും സമ്മാനദാനവും ഉച്ചയ്ക്ക് 3 മണിയോടെ നവജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ദർശന കലാമികവ്- 2025ന്റെ കലാപ്രതിഭയായി ലീന പ്രവീണും കലാതിലകമായി കിരൺ കുമാറും തിരഞ്ഞെടുക്കപ്പെട്ടു. കാലുകൊണ്ട് ചിത്രം വരച്ച് വിസ്മയം തീർത്ത അഖിലിനെ പ്രത്യേകം ആദരിച്ചു. ഭിന്നശേഷിക്കാരുടെ കലാസർഗവാസനകളെ പുറത്തുകൊണ്ടുവരാനും പ്രോത്സാഹിപ്പിക്കാനും സമൂഹ മനസ്സിന് പ്രചോദനം നൽകുന്ന ഉദാത്തമായ മാനവികതയുടെ മാതൃകയായി ഈ കലോത്സവം മാറി.







സ്നേഹസംഗമം:

എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് 1.30ന് ദർശന ക്ലബ്ബ് ഓൺലൈനിൽ സ്നേഹസംഗമം കൂട്ടായ്മ നടത്തിവരുന്നു. 60 പരം വ്യക്തികൾ ഗൂഗിൾ മീറ്റിലൂടെ നടത്തപ്പെടുന്ന ഈ സ്നേഹ സംഗമത്തിൽ പങ്കെടുക്കുന്നു മത നേതാക്കന്മാരുടെ ഉദ്ഘാടനം ചെയ്യപ്പെടുകയും മോട്ടിവേഷൻ ക്ലാസുകളും സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വരുന്ന വ്യക്തികളുടെ മുഖ്യപ്രഭാഷണങ്ങളും ഡിപ്പാർട്ട്മെന്റുകളെ പറ്റി പരിചയപ്പെടുത്തലുകളും സമൂഹത്തിന്റെ മുന്നിലുള്ള വ്യക്തികളുടെ പ്രസംഗങ്ങളും ഈ പ്രോഗ്രാമിൽ നടത്തിവരുന്നു.

വാർഷികാഘോഷത്തിന്റെ ചടങ്ങിൽ 200-മത് സ്നേഹ സംഗമ നിറവിന്റെ ആഘോഷവും നടത്തുവാൻ തീരുമാനിച്ചു.

ദർശന സർവ്വീസ് സൊസൈറ്റി വിവിധങ്ങളായ ലക്ഷ്യങ്ങൾക്ക് വേണ്ടി വിവിധങ്ങളായിട്ടുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും എല്ലാ ഗ്രൂപ്പിന്റെയും മീറ്റിങ്ങുകൾ 2മാസത്തിൽ ഒരിക്കൽ നടത്തിവരികയും ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ ഒക്കെ ഏറ്റവും മേൽത്തരമായി മുന്നേറുകയും ചെയ്യുകൊണ്ടിരിക്കുന്നു.

•ദർശന സിമ്മിംഗ് ടീം

• ദർശന വീൽചെയർ ബാസ്ക്കറ്റ്ബോൾ ടീം

• ഗ്ലോറിയ ഗ്രൂപ്പ്

• തിരുഹൃദയ ഗ്രൂപ്പ്

• മാർഗ്ഗദർശികളുടെ കൂട്ടായ്മ

• അവർ ലേഡി ഓഫ് സോറോസ്

• ദർശനാ ലിറ്റിൽ ബ്രദറൻ ഗ്രൂപ്പ്

• ഏതൻ ഗ്രൂപ്പ്

•പഠന കളരി

• ദർശന യൂട്യൂബ് ചാനൽ

സംസ്ഥാന ദേശിയ തലങ്ങളിൽ ശ്രദ്ധയമായികൊണ്ടിരിക്കുവാണ് ദർശന സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഓരോ വർഷവും പുതുമായർന്ന ഈവെന്റുകൾ സംഘടിപ്പിച്ച് പൊതുമേഖലകളിൽ ദർശനയുടെ സാന്നിധ്യം ഊർജമാക്കുന്നു... ദർശനയുടെ കൈത്താങ്ങ് എന്നും എല്ലാവരിലേക്കും എത്തിച്ചേരും വരും വർഷങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി ഒറ്റപ്പെട്ടുപോകുന്ന ഒരു ഭിന്നശേഷി സമൂഹത്തെ ലോകത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ദർശന സർവീസ് സൊസൈറ്റി പരിശ്രമിക്കും